"ഭരണഭാഷ മാതൃഭാഷ "

# കേരള സർവകലാശാല

തിരുവനന്തപുരം, കേരളം - 695034

NAAC A++ അംഗീകൃതം

നമ്പർ. 48136/Admn A V/2024/UOK

തീയതി: 11.10.2024

**സർക്കുലർ**

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻക്കാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ രണ്ടാമത്തെയും മൂന്നാമത്തെയും പോളിസി വർഷങ്ങളിൽ പുതുതായി സേവനത്തിൽ പ്രവേശിച്ചവരുടെ / പ്രവേശിക്കുന്ന ജീവനക്കാരിൽ നിന്നും കുടിശ്ശിക പ്രീമിയം ഈടാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ - കേരള സർവകലാശാലയിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന :- കേരള സർക്കാർ ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിന്റെ 08.08.2024 തീയതിയിലെ 49/2024/ധന സർക്കുലർ.

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻക്കാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ രണ്ടാമത്തെയും മൂന്നാമത്തെയും പോളിസി വർഷങ്ങളിൽ പുതുതായി സേവനത്തിൽ പ്രവേശിച്ചവരുടെ / പ്രവേശിക്കുന്ന ജീവനക്കാരിൽ നിന്നും കുടിശ്ശിക പ്രീമിയം ഈടാക്കുന്നത് ഐച്ഛികമാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മേൽ സൂചന പ്രകാരമുള്ള പരിപത്രത്തിലൂടെ സർക്കാർ അറിയിക്കുന്നു.

കേരള സർക്കാർ ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിന്റെ 08.08.2024 തീയതിയിലെ 49/2024/ധന പരിപത്രത്തിലെ നിർദ്ദേശങ്ങൾ കേരള സർവകലാശാലയിൽ നടപ്പിലാക്കികൊണ്ട് ബഹു: വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ഈ പരിപത്രത്തിലെ വിവരങ്ങൾ ബന്ധപ്പെട്ട എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

സൂചന പരിപത്രത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

Prof. (Dr.) K S Anil Kumar
രജിസ്ട്രാർ

Draft #1 of File 48136/Admn A V/2024/UOK Approved by Registrar on 11-Oct-2024 06:38 AM - Page 1

The document is digitally approved. Hence signature is not needed.

**കേരള സർക്കാർ**

**ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്**

**<u>പരിപത്രം</u>**

**നം.49/2024/ധന** **തിരുവനന്തപുരം, തീയതി:08.08.2024**

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) - രണ്ടാമത്തെയും മൂന്നാമത്തെയും പോളിസി വർഷങ്ങളിൽ പുതുതായി സർക്കാർ സേവനത്തിൽ പ്രവേശിച്ചവരുടെ/പ്രവേശിക്കുന്നവരുടെ കുടിശ്ശിക മെഡിസെപ് പ്രീമിയം ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(അച്ചടി) നം. 70/2022/ധന, തീയതി 23/06/2022

2) സർക്കുലർ നം. 4/2023/ധന, തീയതി 10/01/2023

3) സർക്കുലർ നം. 3/2024/ധന, തീയതി 16/01/2024

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം *01/07/2022* മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മെഡിസെപ് പദ്ധതിയുടെ നടത്തിപ്പിനായി സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും തമ്മിൽ ഒപ്പുവെച്ച ധാരണാപത്രം (MoU) പ്രകാരം, ആകെ മൂന്ന് വർഷം (*01.07.2022 – 30.06.2025*) ദൈർഘ്യമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായിട്ടാണ് നിലവിൽ മെഡിസെപ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ *01.07.2022* മുതൽ *30.06.2023* വരെ ഒന്നാമത്തെ പോളിസി വർഷവും, *01.07.2023* മുതൽ *30.06.2024* വരെ രണ്ടാമത്തെ പോളിസി വർഷവും, *01.07.2024* മുതൽ *30.06.2025* വരെ മൂന്നാമത്തെ പോളിസി വർഷവുമാണ്.

മെഡിസെപ് പോളിസിയുടെ വാർഷിക പ്രീമിയമായ Rs.4800+18%GST തുക സർക്കാർ മുൻകൂറായി നാല് ഗഡുക്കളായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും പ്രതിമാസം 500/- രൂപ നിരക്കിൽ പ്രാഥമിക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി

മുൻകൂർ ക്രമീകരിക്കുകയാണ് ചെയ്തു വരുന്നത്. ഇത്തരത്തിൽ ഈടാക്കുന്ന തുകയിൽ പ്രീമിയം കഴിച്ച് ബാക്കി വരുന്ന (പ്രതിമാസം 28/- രൂപ) സർക്കാർ കോർപ്പസ് ഫണ്ടിലേക്ക് മാറ്റി സൂക്ഷിക്കുകയും, അവയവമാറ്റ/ഗുരുതര രോഗങ്ങൾക്ക് വേണ്ടി കരാർ അനുസരിച്ച് ഇൻഷ്വറൻസ് കമ്പനി മാറ്റിവച്ചിട്ടുള്ള 35 കോടി വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് പ്രസ്തുത ചികിത്സകൾക്കായി കമ്പനിക്ക് നൽകുകയുമാണ് ചെയ്യുന്നത്. ആയതിനാൽ സൂചന (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം മൂന്ന് വർഷത്തെ പ്രീമിയം തുകയായ 18,000/- രൂപയും ഒടുക്കുന്നവർക്ക് മാത്രമേ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള Catastrophic Package -ന്റെ ആനുകൂല്യം ഉൾപ്പെടെ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പൂർണ്ണമായ ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. ഒന്നാം പോളിസി വർഷം മുതൽ അംഗമായവരുടെ പ്രീമിയം വിഹിതത്തിന്റെ ഒരു ഭാഗം ഉൾപ്പെട്ട കോർപ്പസ് ഫണ്ടിന്റെ ആനുകൂല്യം രണ്ടും മൂന്നും പോളിസി വർഷം പുതുതായി സേവനത്തിൽ പ്രവേശിക്കുന്നവർക്കും ലഭ്യമാകണമെന്നുള്ളതിനാലും മെഡിസെപ് പദ്ധതിയുടെ തന്നെ പ്രധാന ആകർഷണങ്ങളിൽ ഒന്നായ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് ദിനംപ്രതി അപേക്ഷകരുടെ ബാഹുല്യം കൂടുന്നതും കോർപ്പസ് ഫണ്ടിന്റെ ശോഷണവും കണക്കിലെടുത്താണ് പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരിൽ നിന്നും മുൻ പോളിസി വർഷത്തിലെ പ്രതിമാസ പ്രീമിയം കുടിശ്ശികയായി ഈടാക്കുവാൻ സർക്കാർ തീരുമാനം കൈക്കൊണ്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ 01.07.2022 മുതൽ പുതുതായി സേവനത്തിൽ പ്രവേശിച്ച/പ്രവേശിക്കുന്ന ജീവനക്കാർ 01.07.2022 മുതൽ തങ്ങൾ സേവനത്തിൽ പ്രവേശിച്ച തീയതി വരെയുള്ള അഥവാ 01.07.2022 മുതൽ സ്പാർക്ക് മുഖേനയോ അല്ലാതെയോ റെഗുലർ ശമ്പള വിതരണം ആരംഭിക്കുന്നത് വരെയുള്ള തങ്ങളുടെ കുടിശ്ശിക മെഡിസെപ് പ്രീമിയം, ബന്ധപ്പെട്ട അക്കൗണ്ട് ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണെന്ന് സൂചന (2) സർക്കുലർ മുഖാന്തരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, പല ഡി.ഡി.ഒ.-മാരും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രസ്തുത കുടിശ്ശിക പ്രീമിയം ഒറ്റത്തവണയായി ഈടാക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് വസ്തുതകൾ ഒന്നുകൂടി വിശദമാക്കിക്കൊണ്ടും പ്രീമിയം തുല്യ ഗഡുക്കളായി ഈടാക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ടും, സൂചന (3) സർക്കുലർ പുറപ്പെടുവിച്ചത്.

അപ്രകാരം രണ്ടാമത്തെ പോളിസി വർഷത്തിലും മൂന്നാമത്തെ പോളിസി വർഷത്തിലും പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ 01/07/2022 മുതലുള്ള കുടിശ്ശിക പ്രീമിയം തുക ടി ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ആദ്യ ശമ്പളം മുതൽ തുല്യ ഗഡുക്കളായി കുറവ് ചെയ്യേണ്ടതാണെന്ന് സൂചന (3) സർക്കുലർ

മുഖാന്തരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരിൽ നിന്നും കുടിശ്ശിക പ്രീമിയം ഈടാക്കുന്നതിനെതിരെ ഇപ്പോൾ വിവിധ വകുപ്പുകളിൽ നിന്നും സർവീസ് സംഘടനകളിൽ നിന്നും ധാരാളം പരാതികൾ സർക്കാരിന് ലഭിച്ച സാഹചര്യത്തിൽ, മേൽ വിഷയം സർക്കാർ പുനഃപരിശോധിക്കുകയും, രണ്ടാമത്തെയും മൂന്നാമത്തെയും പോളിസി വർഷങ്ങളിൽ പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരിൽ നിന്നും കുടിശ്ശിക പ്രീമിയം ഈടാക്കുന്നത് ഐച്ഛികമാക്കുവാൻ തീരുമാനം കൈക്കൊള്ളുകയും ചെയ്തിരിക്കുന്നു. പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന, മെഡിസെപ് കുടിശിക പ്രീമിയം ഒടുക്കുന്നതിൽ നിന്നും ഒഴിവാകുന്ന ജീവനക്കാർക്കോ അവരുടെ ആശ്രിതർക്കോ 23/06/2022 തീയതിയിലെ 70/2022/ധന നമ്പർ ഉത്തരവിലെ ANNEXURE-2 -വിൽ സൂചിപ്പിച്ചിട്ടുള്ള അവയമാറ്റ ചികിത്സാപ്രക്രിയകൾക്ക് യാതൊരു കാരണവശാലും മെഡിസെപ് പരിരക്ഷ ലഭ്യമാകുകയില്ല. ആയത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

i. 2023 ജൂലൈ മാസം 1 -ാം തീയതി (രണ്ടാം പോളിസി വർഷം) മുതൽ പുതുതായി സേവനത്തിൽ പ്രവേശിച്ച/പ്രവേശിക്കുന്ന മെഡിസെപ് ബാധകമായ ജീവനക്കാരിൽ, 23/06/2022 തീയതിയിലെ 70/2022/ധന നമ്പർ ഉത്തരവിലെ ANNEXURE -2 വിൽ ഉൾപ്പെടുത്തിയിട്ടുള്ള ചികിത്സാപ്രക്രിയകൾക്ക് അഥവാ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള Catastrophic Package (CP) ആനുകൂല്യം തങ്ങൾക്കും ആശ്രിതർക്കും ആവശ്യമില്ലായെന്ന് രേഖാമൂലം എഴുതി നൽകുന്നവരെ ഒന്നാം പോളിസി വർഷത്തിലെ കുടിശിക പ്രീമിയം ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

ii. എന്നാൽ ഒന്നാം പോളിസി വർഷത്തിലെ കുടിശ്ശിക പ്രീമിയം ഇതിനോടകം അടച്ചുതീർത്ത, 2023 ജൂലൈ മാസം 1 -ാം തീയതി (രണ്ടാം പോളിസി വർഷം) മുതൽ പുതുതായി സേവനത്തിൽ പ്രവേശിച്ച ജീവനക്കാർക്ക് 23/06/2022 തീയതിയിലെ 70/2022/ധന നമ്പർ ഉത്തരവിലെ ANNEXURE -2 വിൽ ഉൾപ്പെടുത്തിയിട്ടുള്ള Catastrophic Package (CP) ആനുകൂല്യം ഉൾപ്പെടെ മെഡിസെപ് പദ്ധതിയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള പൂർണ്ണമായ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

iii. 2024 ജൂലൈ മാസം 1 -ാം തീയതി (മൂന്നാം പോളിസി വർഷം) മുതൽ പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരിൽ, 23/06/2022 തീയതിയിലെ 70/2022/ധന നമ്പർ ഉത്തരവിലെ ANNEXURE-2 വിൽ ഉൾപ്പെടുത്തിയിട്ടുള്ള

ചികിത്സാപ്രക്രിയകൾക്ക് അഥവാ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള Catastrophic package (CP) ആനുകൂല്യം തങ്ങൾക്കും ആശ്രിതർക്കും ആവശ്യമില്ലായെന്ന് രേഖാമൂലം എഴുതി നൽകുന്നവരെ ഒന്ന്, രണ്ട് പോളിസി വർഷങ്ങളിലെ കുടിശിക പ്രീമിയം ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

iv. മേൽ സൂചിപ്പിച്ച വിധം കുടിശിക പ്രീമിയം അടക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്ന ജീവനക്കാർ, മെഡിസെപ് പദ്ധതിയിലെ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള Catastrophic package ആനുകൂല്യം തങ്ങൾ ഇത് വരെയുള്ള കാലയളവിൽ ഉപയോഗിച്ചിട്ടില്ലെന്നും അവസാന പോളിസി വർഷക്കാലയളവിലും ഉപയോഗിക്കുകയില്ലെന്നും പേര്, PEN, PRAN No., മെഡിസെപ് ID, വകുപ്പ് എന്നിവ കൂടി ഉൾപ്പെടുത്തിയ സത്യവാങ്മൂലം ഡിഡിഒ -മാർക്ക് സമർപ്പിക്കേണ്ടതും ആയത് ഡിഡിഒ-മാർ കാലതാമസം വരുത്താതെ MEDISEP State Nodal Cell, Annexe-1, Government Secretariat, Thiruvananthapuram-695001 എന്ന മേൽവിലാസത്തിലോ medisepgrievance@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ MEDISEP State Nodal Cell(MED NC)- ന് അയച്ച് നൽകേണ്ടതുമാണ്. സത്യവാങ്മൂലത്തിന്റെ മാതൃക അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഇതിൽ ജീവനക്കാർ/ഡിഡിഒമാർ/നോഡൽ ഓഫീസർമാർ വീഴ്ച വരുത്തുന്ന പക്ഷം അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

v. MEDISEP State Nodal Cell ആയത് ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും Catastrophic Package (CP) ആനുകൂല്യം അനുവദിക്കുന്നതിനുള്ള ചികിത്സാ ലിസ്റ്റുകൾ ഇൻഷുറൻസ് കമ്പനി ലഭ്യമാക്കുമ്പോൾ ഇത്തരത്തിൽ കുടിശിക പ്രീമിയം അടക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട ജീവനക്കാരുടെ/ആശ്രിതരുടെ ക്ലെയിമുകൾ ഉണ്ടെങ്കിൽ ആയത് പ്രസ്തുത അപേക്ഷകരുടെ Status Report-ലെ പ്രീമിയം അടവ് കൂടി പരിശോധിച്ച് ഒഴിവാക്കുന്നതിനായി ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിന് ലഭ്യമാക്കേണ്ടതുമാണ്.

vi. ഇനിമുതൽ Catastrophic Package (CP) അപ്രൂവലിനായി വരുന്ന കേസുകൾക്ക് അവരുടെ പ്രീമിയം ഒടുക്കിയ വിവരങ്ങൾ കൂടി മെഡിസെപ് സ്റ്റേറ്റ് നോഡൽ സെൽ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രം ധന (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിൽ നിന്നും അനുമതി നൽകുന്നതാണ്.

**ട്വിങ്കിൾ എസ്. നെൽസൺ**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ ഡി.ഡി.ഒ/നോഡൽ ഓഫീസർമാർക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ

സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

സ്പാർക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (HI-3/80/2023-Fin E-2438398)

ഉത്തരവിൻ പ്രകാരം

GaneshAlb

സെക്ഷൻ ഓഫീസർ

# സത്യവാങ്മൂലം

പേര് :

PEN:

PRAN:

മെഡിസെപ് ID:

വകുപ്പ്:

ഓഫീസ്:

മൊബൈൽ നമ്പർ:

............................................................ (പേര്) എന്ന എനിക്കോ എന്റെ ആശ്രിതർക്കോ മെഡിസെപ് പദ്ധതിയുടെ ഭാഗമായ Catastrophic package (CP) ആനുകൂല്യം ആവശ്യമില്ല. ഞാനോ എന്റെ ആശ്രിതരോ 23/06/2022 തീയതിയിലെ 70/2022/ധന നമ്പർ ഉത്തരവിലെ ANNEXURE-2 വിൽ ഉൾപ്പെടുത്തിയിട്ടുള്ള ചികിത്സാപ്രക്രിയകൾക്ക് അഥവാ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള മെഡിസെപ് Catastrophic Package (CP) ആനുകൂല്യം ഇത് വരെയുള്ള കാലയളവിൽ ഉപയോഗിച്ചിട്ടില്ല എന്നും അവസാന പോളിസി വർഷക്കാലയളവിലും (2024-25) പ്രസ്തുത ആനുകൂല്യം ഞാനോ എന്റെ ആശ്രിതരോ ഉപയോഗിക്കുകയില്ല എന്നും ഇതിനാൽ ബോധിപ്പിക്കുന്നു.

(ഒപ്പ്)
പേര് :

ഡി.ഡി.ഒ.യുടെ പേര്:

ഉദ്യോഗപ്പേര്:

ഓഫീസിന്റെ മേൽവിലാസം :

ഒപ്പ്:

ഓഫീസ് സീൽ: